പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2123 **26-10-2026-ൽ മറുപടിയ്ക്ക്**

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പുത്തൂർക്കടവ് പാലം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോണി. കെ. ബേബി ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പുത്തൂർക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

മറുപടി: പാലം നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി നിലവിൽ വെള്ളാവൂർ ഭാഗത്ത് പൈലിംഗ് പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണത്തിൽ അനാവശ്യ കാലതാമസം നേരിടുന്നതായുള്ള പ്രദേശവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പാലത്തിന്റെ അപ്രോച്ചിന്റെയും abutment-ന്റെയും നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകുവാൻ വൈകിയതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടാനുണ്ടായ പ്രധാന കാരണം. സ്ഥലം ലഭ്യമാക്കുന്നതിനായി പ്രാരംഭനടപടിക്രമങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും സ്വീകരിച്ചിട്ടുണ്ടെന്ന അറിയിപ്പ് ലഭിച്ച ഉടൻ തന്നെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

മറുപടി: പ്രവൃത്തി 2027 ഡിസംബർ മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ